കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - പനയം ഗ്രാമപഞ്ചായത്ത് - 2010-11 - ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.3 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 754/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 23/03/2013

പരാമർശം:- 1) 03/09/2012-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-24896/12-ാം നമ്പർ കത്ത്.
2) 28/02/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF/18561/P.T.1/12-ാം നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 'വികലാംഗർക്ക് മുച്ചക്ര വാഹനം' എന്ന പേരിൽ വികലാംഗർക്ക് വാങ്ങി നൽകിയ സ്കൂട്ടറുകൾക്ക് ചെലവായ 2,28,198/- രൂപ സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാൽ ഓഡിറ്റ് നിരാകരിച്ചിരുന്നു.

ശാരീരികവും മാനസികവുമായ പ്രയാസമുള്ളവർക്ക് ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 17/05/2003-ലെ 2242/DP1/03 നമ്പർ സർക്കുലർ നിലവിലുള്ളതുകൊണ്ടാണ് കെൽട്രോണിൽ നിന്നും സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി മൂന്ന് വികലാംഗർക്ക് വിതരണം ചെയ്തതെന്നും സദുദ്ദേശത്തോടെ നടപ്പിലാക്കിയ പദ്ധതി എന്ന നിലയിൽ ടി ചെലവിന് സാധൂകരണം നൽകണമെന്ന പനയം പഞ്ചായത്ത് ഭരണ സമിതിയുടെ 06/06/2012-ലെ IV (2)-ാം നമ്പർ തീരുമാനം ജില്ലാ തല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ ശുപാർശ ചെയ്തിരുന്നു.

പി.ടി.ഒ

ടി വിഷയം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരാമർശം രണ്ടിലെ റിപ്പോർട്ടിൽ 12/03/2012-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 737/12 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ വികലാംഗർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ വിതരണം ചെയ്യുന്ന പദ്ധതിക്ക് അംഗീകാരം നൽകിയത് 2011-12 മുതലാണെന്നാലും ഒരേ സ്വഭാവമുള്ള ചെലവ് ആയതിനാലും, ആയത് നൽകിയത് ശാരീരികമായി വളരെയധികം ക്ലേശം അനുഭവിക്കുന്നവർക്ക് ആണെന്നും ഉള്ള പഞ്ചായത്ത് സെക്രട്ടറിയുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും അഭിപ്രായം പരിഗണിച്ച് ടി ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പനയം ഗ്രാമപഞ്ചായത്തിന്റെ 2010-11 ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ വികലാംഗർക്ക് സ്കൂട്ടർ വാങ്ങി വിതരണം ചെയ്ത വകയിൽ ചെലവഴിച്ച 2,28,198/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി നൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) യുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പനയം ഗ്രാമപഞ്ചായത്ത്
ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ